## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5269, 02/07/2013-ൽ മറുപടിക്ക്**

**ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ പെൻഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് | ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി |

| | |
|---|---|
| (എ) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് പെൻഷൻ അനുവദിക്കാൻ ഉത്തരവിട്ടിട്ടുണ്ടോ ; | ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് പെൻഷൻ അനുവദിക്കാൻ 01.03.2011-ലെ ജി.ഒ(പി)നം.94/2011/ധന നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ; | പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) എത്ര രൂപയാണ് മാസപെൻഷൻ അനുവദിക്കുന്നത് ; | നിലവിലെ വ്യവസ്ഥ പ്രകാരം പെൻഷൻ സ്കീമിൽ അംഗമായി 10 വർഷത്തെ വിഹിതം ഒടുക്കിയിട്ടുള്ള ഏജന്റുമാർക്ക് പ്രതിമാസം 600 രൂപയും (മിനിമം പെൻഷൻ), 10 വർഷത്തിനു മുകളിൽ പൂർത്തീകരിച്ച ഓരോ വർഷത്തിനും മിനിമം പെൻഷന്റെ 10% അധിക തുകയും കൂടി അനുവദിക്കാനാണ് തീരുമാനമായിട്ടുള്ളത്. |
| (ഡി) പെൻഷൻ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ? | പെൻഷൻ സ്കീമിൽ അംഗത്വം നേടിയ ഏജന്റുമാർ പ്രതിമാസ വിഹിതമായി 200 രൂപ വീതം പെൻഷൻ ഫണ്ടിലേക്ക് ഒടുക്കേണ്ടതുണ്ട്. ഇത്തരത്തിൽ 10 വർഷത്തിൽ കുറയാതെ വിഹിതം ഒടുക്കിയ ഏജന്റുമാർക്ക് 65 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രതിമാസ പെൻഷന് അർഹത ലഭിക്കുന്നു. കൂടാതെ,<br>(എ) പെൻഷൻ പദ്ധതിയിൽ അംഗത്വമുള്ളതും എന്നാൽ 65 വയസ്സ് തികയുമ്പോൾ 10 വർഷത്തെ സേവനം പൂർത്തീകരിക്കാത്തതുമായ ഏജന്റുമാർക്ക് 10 വർഷത്തെ കാലാവധിക്കുള്ള തുക തികയ്ക്കുന്നതിനായി ക്ഷേമനിധി ഫണ്ടിൽ നിന്നോ, ഒരുമിച്ചോ, തവണകളായോ ആവശ്യമായ തുക ഒടുക്കുന്ന പക്ഷം 65 വയസ്സ് തികയുന്ന മുറയ്ക്ക് മിനിമം പെൻഷന് അർഹതയുണ്ടാകുന്നതാണ്. |

(ബി) നിലവിലെ പെൻഷൻ പദ്ധതിയിൽ അംഗമായി ചേർന്നിട്ടില്ലാത്തതും 65 വയസ്സിനു മുമ്പ് 5 വർഷമോ അതിൽ കൂടുതലോ സർവ്വീസ് ഉള്ളതുമായ ഏജന്റുമാർക്കും ഈ പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്. ഇവർ മിനിമം പെൻഷനുള്ള കാലാവധിയായ 10 വർഷത്തെ വിഹിതം തികയുന്നതിനുള്ള ബാക്കി തുക ക്ഷേമനിധി ഫണ്ടിൽ നിന്നോ, ഒരുമിച്ചോ, തവണകളായോ ഒടുക്കിയാൽ അവർക്കും മിനിമം പെൻഷനുള്ള അർഹത നേടാവുന്നതാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**